കിട്ടിയശേഷം എന്തെങ്കിലും സംശയമുണ്ടെങ്കിൽ ക്രൈംബ്രാഞ്ച് ഏറെറടുത്ത് അന്വേഷണം നടത്തുന്നതാണ്.

(9) ചാലിയാർ പുഴയിലെ മൈലാടി പാലത്തിന്റെയും പുന്നപ്പുഴയിലെ കാറാടിക്കടവ് പാലത്തിന്റെയും പണി

ശ്രീ. ടി. കെ. ഹംസ : സർ, നിലമ്പൂർനിയോജകമണ്ഡലത്തിൽ വളരെ പ്രധാനപ്പെട്ടതും പതിനായിരക്കണക്കിന് ആളുകൾക്ക് ആവശ്യമായിട്ടുള്ളതുമായ ഒരു പാലമാണ് ചാലിയാർ പുഴയ്ക്ക് മൈലാടിയിൽ നിർമ്മിക്കുന്ന പാലം. അതിന് എല്ലാ അനുമതിയും കിട്ടിക്കഴിഞ്ഞ സ്ഥിതിക്ക് അതിന്റെ പ്രവൃത്തി ആരംഭിക്കാൻ നടപടികൾ തുരിതപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെ പുന്നപ്പുഴയ്ക്ക് കാറാടിക്കടവ് എന്ന സ്ഥലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെയും പ്രവൃത്തി ആരംഭിക്കാൻ ആവശ്യമായ എല്ലാ നടപടികളും അതിവേഗം ചെയ്തു തരണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ) : സർ, പുന്നപ്പുഴയ്ക്കുള്ള പാലത്തിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്തത് കഴിഞ്ഞിട്ടുണ്ട്. ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയായ ശേഷം അതിന്റെ നിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. മൈലാടി പാലത്തിനുള്ള ഗവൺമെന്റ് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അത് ടെൻഡർ വിളിക്കാനുള്ള നിർദ്ദേശവും നൽകിക്കഴിഞ്ഞു. പക്ഷെ അതിന് അപ്രോച്ച് റോഡ് ഉണ്ടാക്കണമെങ്കിൽ ഇപ്പോഴും വളരെ ബുദ്ധിമുട്ടുള്ള സ്ഥിതിയാണുള്ളത്. ധാരാളം കിലോമീറ്റർ റോഡ്, ഫോറസ്റ്റിൽ കൂടി പോകേണ്ടതുകൊണ്ട് ഇൻഡ്യാ ഗവൺമെന്റിന്റെ അനുവാദം വാങ്ങിയിട്ടുണ്ടെങ്കിലും പല കർശനമായ നിബന്ധനകളോടുംകൂടിയാണ് ഏറെറടുത്തിട്ടുള്ളത്. അതിൽ കുറെ അയവ് കിട്ടാത്തപക്ഷം മുന്നോട്ടു പോകാൻ ബുദ്ധിമുട്ടുണ്ടായിരിക്കും. അതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും ഫോറസ്റ്റ് മന്ത്രിയുടെയും സഹായം നമുക്ക് ആവശ്യമാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ സഹായം ഇനിയും ലഭിക്കേണ്ടതുണ്ട്. ഏതായാലും പാലത്തിന്റെ പണിക്ക് യാതൊരു തടസ്സവുമില്ല. അതിന്റെ പ്രവർത്തനത്തിന് ടെൻഡർ വിളിക്കാൻ പറഞ്ഞിട്ടുണ്ട്. അടുത്ത മാസം തന്നെ പണി ആരംഭിക്കുന്നതാണ്.

(10) ഓയിൽപാം ഇൻഡ്യാ ലിമിറഡിലെ തൊഴിലാളികളുടെ നിരാഹാര സമരം

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, നമ്മുടെ സംസ്ഥാനത്തെ ഏറവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ഓയിൽപാം ഇൻഡ്യാ ലിമിറഡിന്റെ അഞ്ച് യൂണിയൻ നേതാക്കൾ കഴിഞ്ഞ പതിമൂന്ന് ദിവസമായി നിരാഹാരസത്യാഗ്രഹം നടത്തുകയാണ്. രേണുകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ തൊഴിലാളികളുടെ ന്യായമായ ഡിമാൻറുകൾ ആവശ്യപ്പെട്ട് അത് അംഗീകരിക്കുന്നതിനുവേണ്ടിയാണ് അവർ നിരാഹാര സത്യാഗ്രഹം നടത്തുന്നത്. ഒരു മാസത്തിനുമുമ്പ് ഒരു റിലേ സത്യാഗ്രഹം അവിടെ നടന്നു. അങ്ങനെ ഒരു മാസം മുമ്പ് റിലേ സത്യാഗ്രഹം നടത്തിയിട്ട് ഇപ്പോൾ പതിമൂന്ന് ദിവസമായി നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. ഇതുവരെ മാനേജുമെന്റിന്റെ ഒരു കുഞ്ഞുപോലും അവരെ തിരിഞ്ഞു നോക്കിയിട്ടില്ല. മാനേജുമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly